## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1698** — **10/02/2020 -ൽ മറുപടിക്ക്**

**<u>സംസ്ഥാനത്തെ നിയമപഠനം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ഡോ.കെ.ടി.ജലീൽ**<br>**ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി** |
| സംസ്ഥാനത്തെ നിയമപഠനം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നിയമ സർവ്വകലാശാലയോ നിയമവിദ്യാഭ്യാസ ഡയറക്ടറേറ്റോ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ? | സംസ്ഥാനത്തെ ലോ കോളേജുകൾ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതിനാൽ ലോ കോളേജ് അധ്യാപകരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരുന്ന വിഷയം പരിശോധിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന്, ഒരു മൂന്നംഗ സമിതി മേൽ വിഷയം പരിശോധിക്കുകയും ലോ കോളേജുകൾക്കായി ഒരു പ്രത്യേക നിയമ ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ശുപാർശ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, പ്രസ്തുത ശുപാർശ ധനവകുപ്പ് അംഗീകരിച്ചില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കാതെ തന്നെ ലോ കോളേജുകളിലെ അധ്യാപകരെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ കൊണ്ടു വരുന്നതിനുള്ള അനുമതി മാത്രമാണ് ധനവകുപ്പ് നൽകിയിട്ടുള്ളത്. ഈ വിഷയം സർക്കാർ ഇപ്പോൾ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**